# Necessity of correction -prov :15:32

*(തിരുത്തലിന്റെ അനിവാര്യത)*

# THE BEST WAY TO USE BIBLICAL CORRECTION <u>TO BUILD GODLY CHARACTER.</u>

ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്ക് ജീവിതത്തെ മാറ്റുന്നതാണ് തിരുത്തൽ, അപ്രകാരം ജീവിതത്തെ മാറ്റുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് ദൈവവചനമാണ്. 2019ൽ നടക്കും എന്ന് നിങ്ങൾ വിചാരിച്ചത് നടക്കാതെ പോയതും, നടന്നതുപലതും അപ്രയോജനമായതും നിങ്ങളെ നിരാശയിലാക്കിയിരിക്കും. 2020 ലേക്ക് അഥവാ ഒരു പുതുവർഷത്തിലേക്ക് പ്രവേശിച്ച നമുക്ക് ഈ അവസരം തന്ന ക്രിസ്തു പറയുന്നു ഞാൻ പുതിയതൊന്ന് നിങ്ങൾക്കായി ചെയ്തിരിക്കുന്നു എന്ന്, പുതിയത് സ്വീകരിപ്പാൻ പഴയതിനെ മാറ്റിയാലേ നമുക്ക് സാധിക്കുകയുള്ളു. ദൈവം ദാനമായിത്തന്ന അവസരം തിരുത്തലിനായി ഉപയോഗിപ്പാൻ നിങ്ങൾ തയാറാണെങ്കിൽ ഈ ദൂത് ശ്രദ്ധിക്കുക.

എന്താണ് അവസരം എന്ന് ആദ്യം മനസ്സിലാക്കാം. നാം ചെയ്യുവാൻ ആഗ്രഹിക്കുന്ന അല്ലെങ്കിൽ ചെയ്യേണ്ട എന്തെങ്കിലും കാര്യങ്ങൾ ചെയ്യുവാനുള്ള സാധ്യതകൾ, ഫലപ്രദമാക്കുന്ന സന്ദർഭം അഥവാ സാഹചര്യമാണ് അവസരം (opportunity). ലഭിക്കുന്ന അവസരങ്ങൾ തക്കത്തിലുപയോഗിച്ചില്ല എങ്കിൽ വീണ്ടും അത് ലഭിച്ചു എന്ന് വരുകയില്ല. പ്രബോധനം പ്രമാണിക്കുന്നവൻ ജീവമാർഗ്ഗത്തിൽ ഇരിക്കുന്നു, (സദൃ:10:17). പ്രബോധനം ത്യജിക്കുന്നവൻ തന്റെ പ്രാണനെ നിരസിക്കുന്നു. ജീവാർത്ഥമായ ശാസനകേൾക്കുന്നവൻ അവന്റെ ജീവിതത്തിൽ യഥാസമയം വരുത്തേണ്ട തിരുത്തലുകൾ വരുത്തുന്നു. അതിന് ലഭിക്കുന്ന അവസരങ്ങൾ ബുദ്ധിപൂർവ്വം ഉപയോഗിപ്പാൻ കഴിയുന്നവൻ തന്റെ ജീവനെ രക്ഷിക്കുന്നു. ഇതിനുദാഹരണമാണ് കാൽവറിയിൽ യേശുവിന്റെ വലതുഭാഗത്തായി ക്രൂശിക്കപ്പെട്ട കളളൻ. ഇടതുഭാഗത്തു കിടന്ന കള്ളൻ അവനെ വിമർശിക്കുമ്പോൾ യേശുവിന്റെ വലതുഭാഗത്തു കിടന്നവൻ ഇപ്പോഴത്തെ സാഹചര്യമല്ല ഓർത്തതെന്നും, രക്ഷയ്ക്കായുള്ള വാഞ്ച ഒരു തിരുത്തലിന്റെ അനിവാര്യത അവനെ ബോദ്ധ്യപ്പെടുത്തിയതിനാൽ ലഭിച്ച അവസരം ശരിയായി ഉപയോഗിച്ചു എന്ന് ആ വാക്കുകൾ

വ്യക്തമാക്കുന്നു. (ലൂക്കോ:23:39-43) "ഇന്ന് നീ എന്നോടുകൂടെ പറുദീസയിലിരിക്കും" എന്ന മറുപടിയാണ് അവസരം തക്കത്തിലുപയോഗിച്ചവന് ലഭിച്ചത്. അവസരം പ്രതികൂലമായപ്പോഴും, അല്ലാത്തപ്പോഴും രാജാവാകുന്നതിന് മുൻപും പിൻപും ദൈവം തരുന്ന ആലോചനകൾ ശ്രദ്ധിച്ച ദാവീദിനെ സഹായിപ്പാൻ ദൈവം ഒരാളെ അയച്ചു എന്ന് 1 ശമു:30:7-19 വരെയുള്ള വാക്യങ്ങളിൽ നിന്ന് നമുക്ക് കാണാം. മനുഷ്യനെ എത്തിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ദൈവം തന്നെ സഹായത്തിനെത്തുമെന്നും, ആ ശബ്ദത്തിന്റെ ഗാംഭീര്യവും യോഹന്നാനപ്പോസ്തോലൻ വെളിപാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. Read- വെളി: 1:9-15

## Common threads in opportunities

***(അവസരങ്ങളിലെ പ്രധാന ഇഴകൾ)***

ജീവിതത്തിൽ തിരുത്തലുകൾ എല്ലാവർക്കും ആവശ്യമാണ്. തിരുത്തലുകൾക്ക് ദൈവം തരുന്ന സമയം നമ്മുടെ ജീവിതകാലം തന്നെയാണ്. ഈ അവസരം ശരിയായി ഉപയോഗിപ്പാൻ ശ്രദ്ധിക്കേണ്ടകാര്യങ്ങളാണ് അവസരങ്ങളിലെ പ്രധാന ഇഴകൾ.

1, കാഴ്ചപ്പാട് -അടുത്ത് സംഭവിക്കുന്ന അഥവാ പെട്ടെന്ന് കേട്ട് ഒരു കാര്യത്തിന് തീരുമാനം എടുക്കുന്നത് വളരെ സൂക്ഷിക്കണം. താൽക്കാലികസുരക്ഷ, പെട്ടെന്ന് ലഭിക്കുന്ന നന്മകൾ ഇവയിൽ താല്പര്യം കാട്ടിയാൽ അത് നമുക്ക് ലഭിക്കേണ്ട നല്ല അവസരത്തെ നഷ്ടപ്പെടുത്തുന്നു. ഹ്യസ്വദൃഷ്ടിയല്ല, ദീർഘദൃഷ്ടിയുള്ളവരാകുമ്പോഴാണ് കാഴ്ചപ്പാട് ശരിയാകുന്നത്.

ഉദാ: .യോശു: 2:2-5

രാജകിങ്കരന്മാരെ ഭയപ്പെടാതെ ദൈവത്തെ ഭയപ്പെട്ട് ജീവിതത്തിൽ തീരുമാനം എടുത്ത രാഹാബ് എന്ന വേശ്യ തിരുത്തൽ വരുത്തുവാൻ ലഭിച്ച അവസരം ശരിയായി ഉപയോഗിച്ചു.

*(2) ശ്രദ്ധിക്കുക,-പ്രാർത്ഥിക്കുക*

ദീർഘദൃഷ്ടിയോടെ തീരുമാനം എടുക്കുവാൻ ശ്രദ്ധയും പ്രാർത്ഥനയും ആവശ്യമാണ്. കൂടാതെ പരിശുദ്ധാത്മാവ് തക്കസമയത്ത് കാട്ടിത്തരുന്ന അവസര

ങ്ങൾ ഏറ്റെടുക്കുവാനുള്ള ധൈര്യം പ്രാർത്ഥനയാലും ദീർഘവീക്ഷണത്താലും നേടുകയും വേണം.ദൈവജനത്തിനെ സഹായിക്കുന്നത് ദൈവത്തെസ്നേഹിക്കുന്ന വർക്ക് ലഭിക്കുന്ന പദവിയാണ്. യിസ്യായേൽ ജനത്തെപ്പറ്റിയും അവരുടെ ദൈവം അവർക്കായി ചെയ്ത കാര്യങ്ങളെപ്പറ്റിയും അവൾ ശ്രദ്ധിച്ചിരുന്നു. ദൈവം വലിയവ നെന്ന് ഏറ്റുപറഞ്ഞ രാഹാബിന്റെ പ്രാർത്ഥന യഹോവ ശ്രദ്ധിച്ചിരുന്നു.

യോശു : 2:10,11)

*__(3) പ്രവർത്തിക്കുക__*- ശ്രദ്ധിക്കുന്നവർക്കും പ്രാർത്ഥിക്കുന്നവർക്കും യഥാർത്ഥവഴി പ്രവർത്തിപ്പാൻ ഒരുക്കുന്നത് പരിശുദ്ധാത്മാവാണ്.തന്റെ മക്കളെ (ഒറ്റുനോക്കാൻവന്ന വരെ) സംരക്ഷിക്കേണ്ട ഉത്തരവാദിത്തം ദൈവം അവൾക്ക് കൊടുക്കുകയും, ചണ ത്തണ്ടുകളുടെ ഇടയിൽ അവരെ ഒളിപ്പിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു.

യോശു :(2:6,7)

*__(4) രക്ഷയ്ക്കായി ലഭിച്ച അവസരം ഉപയോഗിച്ചു__*

ദൈവമക്കളുടെ രക്ഷയ്ക്കായി അവൾ ശ്രദ്ധിച്ചപ്പോൾ തന്നെ, തന്റെയും കുടുംബത്തി ന്റെയും രക്ഷയും ശ്രദ്ധയോടെ നോക്കിയിരുന്നു. അതിനുള്ള ഉറപ്പും അവരോട് അവൾ വാങ്ങിയിരുന്നു. Read യോശു : 2:12-19 നോക്കുക, രാഹാബ് അവളുടെ ജീവിതത്തിൽ തിരുത്തലുകൾ വരുത്തിയപ്പോൾ അവളും അവളുടെ കുടുംബവും രക്ഷയിലായി. രക്ഷയുടെ അവസരം സൂക്ഷിച്ച് ഉപയോഗിച്ച് ജീവിതത്തിൽ തിരുത്ത ലുകൾ വരുത്തിയപ്പോൾ യേശുക്രിസ്തുവിന്റെ വംശാവലിയിൽ അവൾ ഇടം കണ്ടെ ത്തി.Look മത്താ : (1:4) നിത്യരാജ്യത്തിൽ പേരുള്ളവരുടെ പട്ടികയിൽ ഈ പുതു വർഷം നമ്മുടെ പേരും എഴുതിച്ചേർക്കുവാൻ തിരുത്തലുകൾ വരുത്തേണ്ട കാര്യങ്ങൾ ശ്രദ്ധിച്ച് തിരുത്തുക.

അനുനിമിഷം നമ്മെ തിരുത്തലുകൾ വരുത്തുവാൻ സഹായിക്കുന്നതും, നല്ല വഴിയിൽ നടത്തുന്നതും ദൈവവചനമാണ്. വചനം ശ്രവിക്കുവാൻ കൂടിവരവിനുള്ള ഒരുസ്ഥലം അഥവാ ഒരുയാഗസ്ഥലം ആവശ്യമാണ്. ആ സ്ഥലം ജനത്തിന്റെ പ്രാർത്ഥ നകേട്ട് യഹോവ തിരഞ്ഞെടുത്ത സ്ഥലമാകണം.

Read 2 ദിന : 7:12,16)

***<u>ഇവിടെ എത്തുന്നവർക്കുണ്ടാകേണ്ട 4 ഗുണങ്ങൾ (2 ദിന :7:14)</u>***

1, ഞാനെന്നഭാവം ഇല്ലാതെ താഴ്മയോടെ എത്തണം

eg : Read സങ്കീ 51:1-4

2, അനിവാര്യമായ പ്രാർത്ഥനാജീവിതം (സങ്കീ:77:1,2)

3, ദൈവമുഖം അന്വേഷിക്കണം. സങ്കീ :(27:8),(119:10)

4, ദുർമ്മാർഗ്ഗങ്ങളുടെ വഴി ഉപേക്ഷിച്ച് അനുതപിക്കണം

eg. യോന (3:10), സങ്കീ 119 :27,29,33

ഈ 4 ഗുണങ്ങൾ ഉള്ളവരായി ഈ പുതുവർഷം പ്രാർത്ഥനയും ആരാധനയും ദൈവ സന്നിധിൽ സമർപ്പിക്കുന്നവർക്ക് ദൈവം നൽകുന്ന അനുഗ്രഹത്തെപ്പറ്റി അറിയുവാൻ Read യെശ :58:10-14. പരിശുദ്ധാത്മ നിർദ്ദേശം അനുസരിച്ച് തിരുത്തലുകൾ അവസരോചിതമായി നടത്തുന്നവർക്ക് കൃപയുടെ ഒരു നീരൊഴുക്ക് ലഭിക്കുന്നതാണ്, അതിനായി 2020 ൽ ദൈവമുമ്പാകെ നമുക്ക് താഴ്ത്തി ഏല്പിക്കാം.

**Sathamma Varghese**

**January 2020**